**പതിനാലാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1678

05.02.19 - ൽ മറുപടിക്ക്.

## കാസർകോട് ഡവലപ്പ്മെന്റ് അതോറിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) കാസർകോട് ഡവലപ്പ്മെന്റ് അതോറിറ്റി (കാഡ) നിലവിൽ വന്ന വർഷവും പ്രവർത്തനം അവസാനിപ്പിച്ച വർഷവും അറിയിക്കാമോ; | (എ) കാസർകോട് ഡവലപ്പ്മെന്റ് അതോറിറ്റി (കാഡ) 1992- ൽ നിലവിൽ വന്നു. 1999- ൽ പിരിച്ചുവിട്ടു. |
| (ബി) കാസർകോട് ഡവലപ്പ്മെന്റ് അതോറിറ്റിയുടെ ലക്ഷ്യവും ഉദ്ദേശ്യവും എന്തായിരുന്നുവെന്നും അവ നിറവേറ്റാൻ കഴിഞ്ഞിരുന്നോ എന്നും വ്യക്തമാക്കാമോ; | (ബി) കാസർകോട് നഗരത്തിൻറെയും പരിസര പഞ്ചായത്തുകളുടെയും സമഗ്ര വികസനം എന്നതായിരുന്നു കാസർകോട് വികസന അതോറിറ്റിയുടെ ഉദ്ദേശം. പ്രാദേശിക ഭരണസംവിധാനത്തെ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനുതകുന്ന വികസന പ്രവർത്തനങ്ങളാണ് വികസന അതോറിറ്റികൾ നടപ്പിലാക്കിയിട്ടുള്ളത്. |
| (സി) കാസർകോടിന്റെ വികസനത്തിനുവേണ്ടി 'കാഡ' നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (സി) കാസർകോട് നഗരസഭാ പ്രദേശത്തും സമീപ പഞ്ചായത്തുകളിലും സമൂഹത്തിന്റെ താഴെക്കിടയിലുള്ള സാധാരണ ജനങ്ങളുടെ സാമൂഹ്യപുരോഗതി ലക്ഷ്യം വച്ച് ഭവന നിർമ്മാണ വായ്പകൾ, ഭവന നിർമ്മാണ പ്ലോട്ടുകൾ നൽകൽ എന്നിവയാണ് കാഡ നടത്തിയിട്ടുള്ള പ്രധാന വികസന പ്രവർത്തനങ്ങൾ. |
| (ഡി) 'കാഡ' പിരിച്ചുവിടാനുണ്ടായ സാഹചര്യവും കാരണവും എന്തായിരുന്നുവെന്നും ആയത് ഇനി പുനഃസ്ഥാപിക്കാൻ ആലോചനയുണ്ടോയെന്നും വ്യക്തമാക്കാമോ; | (ഡി) സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് 20.12.1999- ലെ സ.ഉ(കൈ) നം.251/99/ തസ്വഭവ പ്രകാരം 'കാഡ' പിരിച്ചുവിട്ടത്. ഇത് പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലുകൾ ഇപ്പോൾ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (ഇ) | 'കാഡ' വായ്പകൾ നൽകിയിരുന്നോ എന്നും എത്ര വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എത്ര രൂപയുടെ വായ്പകളാണ് നൽകിയതെന്നും ഇത് എന്ത് മാനദണ്ഡപ്രകാരമാണ് നൽകിയതെന്നും വ്യക്തമാക്കാമോ; | (ഇ) | ഭവന നിർമ്മാണ ഇനത്തിൽ ഹയർ ഇൻകം ഗ്രൂപ്പ് (HIG) മിഡിൽ ഇൻകം ഗ്രൂപ്പ് (MG), ലോവർ ഇൻകം ഗ്രൂപ്പ് (LIG), ഇക്കണോമിക്കലി വീക്കർ സെക്ഷൻ (EWS) എന്നീ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ഇനത്തിൽ കുറഞ്ഞ പലിശയിൽ നഗരസഭാ പ്രദേശത്തുള്ള 28 പേർക്ക് വായ്പ അനുവദിച്ചിരുന്നു. |
| (എഫ്) | വായ്പകൾ തിരിച്ചടക്കാത്ത എത്ര പേരുണ്ടെന്നും ഗ്യാരണ്ടിയായി നൽകിയ പ്രമാണങ്ങൾ എവിടെയാണ് സൂക്ഷിച്ചിട്ടുള്ളതെന്നും അവ തിരിച്ച് നൽകാൻ നടപടികൾ സ്വീകരിക്കുമോ എന്നും വ്യക്തമാക്കാമോ? | (എഫ്) | വായ്പ എടുത്തവരിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ളത് 11 പേരാണ്. പ്രമാണങ്ങൾ കാസർഗോഡ് നഗരസഭയിൽ സൂക്ഷിച്ചിട്ടുണ്ട്. EWS, LIG എന്നീ വിഭാഗത്തിൽപ്പെട്ടവർക്ക് കാസർഗോഡ്, കണ്ണൂർ, പാലക്കാട്, ആലപ്പുഴ, കോട്ടയം എന്നീ ഡെവലപ്പ്മെന്റ് അതോറിറ്റികൾ മുഖാന്തിരം അനുവദിച്ച വായ്പ ഇനത്തിൽ ഹഡ്കോയ്ക്ക് നല്കാനുള്ള ആകെ തുകയായ 49.46 ലക്ഷം രൂപ (ഒറ്റത്തവണ തീർപ്പാക്കൽ മുഖാന്തിരം) KURDFC നല്കിയതിനാൽ പണയാധാരങ്ങൾ തിരികെ നല്കാൻ അതാത് തസ്വഭവ സ്ഥാപനങ്ങൾക്ക് ആവശ്യമായ നിർദ്ദേശം നല്കാൻ പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്.ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, കെ.യു.ആർ.ഡി.എഫ്.സി എം.ഡി എന്നിവർ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ